# സെമസ്റ്റർ - 4

**പേപ്പർ – 401**

**പേപ്പർ – 401 വിദ്യാഭ്യാസമനശ്ശാസ്ത്രം – പ്രായോഗിക അനുഭവങ്ങൾ – (II)**

വിദ്യാഭ്യാസ മനശ്ശാസ്ത്രം– പ്രായോഗിക അനുഭവങ്ങൾ – II

# വിദ്യാഭ്യാസ മനശ്ശാസ്ത്രം- പ്രായോഗിക അനുഭവങ്ങൾ -II

മുൻ സെമസ്റ്ററുകളിലെ സൈദ്ധാന്തിക പഠനത്തിന്റെയും പ്രായോഗികാനുഭവങ്ങളുടെയും തുടർച്ച എന്ന നിലയിൽ D.El.Ed. പരിശീലനകോഴ്സിന്റെ നാലാം സെമസ്റ്ററിലും വിദ്യാഭ്യാസ മനശ്ശാസ്ത്രവുമായി ബന്ധപ്പെട്ട ചില പ്രായോഗിക പ്രവർത്തനങ്ങൾ അധ്യാപക വിദ്യാർഥികൾ ചെയ്യേണ്ടതുണ്ട്. സ്കൂൾ അനുഭവ പരിപാടി (School Internship Programme) യുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ ചെയ്യേണ്ടതെങ്കിലും, CE യുടെ ഭാഗമായാണ് ഇത് വിലയിരുത്തപ്പെടേണ്ടത്.

താഴെകൊടുക്കുന്ന രണ്ടു പ്രവർത്തനങ്ങളാണ് ഇതിനുവേണ്ടി നിർദേശിക്കപ്പെടുന്നത്.

### പ്രവർത്തനം 1

#### സർഗാത്മകതയും അക്കാദമിക പ്രവർത്തനങ്ങളും

പഠനത്തെ സ്വാധീനിക്കുന്ന ഒരു പ്രധാനപ്പെട്ട ഘടകമായ സർഗാത്മകതയെക്കുറിച്ചും അതിന്റെ മാപനത്തെക്കുറിച്ചും രണ്ടാം സെമസ്റ്ററിൽ അധ്യാപക വിദ്യാർഥികൾ പഠിച്ചിട്ടുണ്ടല്ലോ. അതുമായി ബന്ധപ്പെട്ട ഒരു പ്രായോഗിക പ്രവർത്തനമാണ് രണ്ടാമതായി അവർ ചെയ്യേണ്ടത്.

#### ലക്ഷ്യം

സർഗപരതാമാപനത്തിൽ പ്രായോഗിക പരിചയം നേടുകയും പഠനവുമായി അത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിലയിരുത്തുകയും ചെയ്യുക.

#### പ്രവർത്തനക്രമം

- ടീച്ചർ, ബോർഡിൽ ഒരു അടയാളം (ഭാഗിക ചിത്രം) വരയ്ക്കുന്നു. (+, ^, ∪ തുടങ്ങിയ ഏതെങ്കിലും അടയാളം)
- ഈ അടയാളം ആവർത്തിച്ചുപയോഗിച്ച് 5 മിനിട്ടിനുള്ളിൽ പരമാവധി ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. (ടീച്ചർ വരച്ച അടയാളത്തിന്റെ വിപുലീകരണമായിരിക്കണം ഓരോ ചിത്രവും)
- 5 മിനുട്ടിനുശേഷം എല്ലാവരുടെയും ചിത്രങ്ങൾ ശേഖരിച്ച് വിലയിരുത്താം.

#### വിലയിരുത്തൽ

സർഗപരതയുടെ പ്രധാനഘടകങ്ങളായ വാചാലത (Fluency), വഴക്കം (Flexibility), മൗലികത (Originality) എന്നിവയാണ് ഇവിടെ വിലയിരുത്തലിന് മാനദണ്ഡമാക്കുന്നത്.

**വാചാലത :** വരച്ച ചിത്രങ്ങളുടെ എണ്ണം മാത്രം പരിഗണിക്കുന്നു.

**സ്കോറിങ്:** 5 മിനിട്ടിനുള്ളിൽ 12- ഓ അതിൽ കൂടുതലോ ചിത്രങ്ങൾ വരച്ചിട്ടുണ്ട് - 4 സ്കോർ

8 മുതൽ 11 വരെ ചിത്രങ്ങൾ - 3 സ്കോർ

4 മുതൽ 7 വരെ ചിത്രങ്ങൾ - 2 സ്കോർ

4-ൽ താഴെ ചിത്രങ്ങൾ - 1 സ്കോർ

**വഴക്കം :** വരച്ച ചിത്രങ്ങളിലെ ആശയപരമായ വ്യത്യസ്തത പരിഗണിച്ച് സ്കോർ നൽകുന്നു. (ഉദാഹരണമായി, ഒരു കുട്ടി വ്യത്യസ്ത തരം പൂക്കളാണ് വരച്ചിരിക്കുന്നത്. പൂക്കൾ വ്യത്യസ്തമാണെങ്കിലും ആശയതലത്തിൽ വ്യത്യസ്തത ഇല്ലാത്തതിനാൽ വഴക്കം കുറവാണെന്ന് വിലയിരുത്താം.)

**സ്കോറിങ് :** വരച്ച ചിത്രങ്ങളിൽ 8 ഓ അതിൽ കൂടുതലോ വ്യത്യസ്ത ആശയങ്ങളുണ്ടെങ്കിൽ (ഉദാ: പൂക്കൾ, ജീവികൾ, ഉപകരണങ്ങൾ മുതലായവ) - 4 സ്കോർ

6-7 വ്യത്യസ്ത ആശയങ്ങൾ - 3 സ്കോർ

4-5 ആശയങ്ങൾ - 2 സ്കോർ

3 -ൽ താഴെ - 1 സ്കോർ

**മൗലികത :** മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായതോ, പുതുമയുള്ളതോ ആയ ചിത്രങ്ങൾ പരിഗണിച്ച് സ്കോർ നൽകാം.

**സ്കോറിങ്:** മറ്റുള്ളവരുടെ ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായ 4 ഓ അതിൽ കൂടുതലോ ആശയങ്ങളുണ്ട് - 4 സ്കോർ

3 ആശയങ്ങൾ - 3 സ്കോർ

2 ആശയങ്ങൾ - 2 സ്കോർ

1 ആശയം - 1 സ്കോർ

**ആകെ സ്കോർ**

ഈ മൂന്നു വിഭാഗത്തിലെയും സ്കോറുകൾ കൂട്ടി സർഗപരതയുടെ ആകെ സ്കോർ കണക്കാക്കാം. ആകെ സ്കോർ 6-ഓ അതിൽ താഴെയോ - സർഗാത്മകതയുള്ള ഗ്രൂപ്പ് (Creative Group)

7 മുതൽ 17 വരെ - ഉയർന്ന സർഗാത്മകതയുള്ള ഗ്രൂപ്പ് (Highly Creative Group) എന്നിങ്ങനെ കണക്കാക്കാം.

സർഗപരതയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ 2 ഗ്രൂപ്പുകൾ (ഉയർന്ന സർഗപരതയുള്ള ഗ്രൂപ്പ്, സർഗപരതയുള്ള ഗ്രൂപ്പ്) കണ്ടെത്തിയല്ലോ. ഇനി ഈ രണ്ടു ഗ്രൂപ്പിലെയും കുട്ടികൾ സ്കൂളിൽ നടക്കുന്ന സർഗാത്മക പ്രവർത്തനങ്ങളിൽ (കലമേള, രചനാ മത്സരങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ മുതലായവ) എത്രത്തോളം സജീവമാണ് എന്ന കാര്യത്തിൽ സ്കൂളിൽ നിന്നു കിട്ടാവുന്ന വിവരങ്ങൾ ശേഖരിക്കുക. ഏതെങ്കിലും പഠന വിഷയത്തിലെ പരീക്ഷയിൽ (ഉദാ: ഗണിതം) ഈ കുട്ടികൾക്കു കിട്ടിയ സ്കോറും ശേഖരിക്കാം. സ്കൂളിലെ സർഗാത്മക പ്രവർത്തനങ്ങളിൽ ഈ രണ്ടു ഗ്രൂപ്പിലുമുള്ള കുട്ടികളുടെ പങ്കാളിത്തം, അക്കാദമിക വിഷയത്തിൽ ലഭിച്ച സ്കോർ തുടങ്ങിയവ സമഗ്രമായി വിലയിരുത്തി നിഗമനങ്ങൾ രൂപീകരിച്ച് ഒരു ഗുണാത്മക റിപ്പോർട്ടും (qualitative report) തയാറാക്കണം.

## പ്രവർത്തനം 2

### ബഹുമുഖബുദ്ധി – പ്രായോഗികാനുഭവങ്ങൾ

നാലാം സെമസ്റ്ററിൽ 45 ദിവസത്തെ ഇന്റേൺഷിപ്പാണല്ലോ ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ സമയത്ത് അധ്യാപകവിദ്യാർഥികൾ വിവിധ വിഷയങ്ങളിൽ നിശ്ചിത എണ്ണം ക്ലാസ്സുകൾ എടുക്കുന്നുമുണ്ട്. രണ്ടാം സെമസ്റ്ററിലെ വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിൽ അവർ പഠിച്ച ബഹുമുഖ ബുദ്ധി സിദ്ധാന്തം (Theory of Multiple Intelligence) പഠനപ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതും എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ടും പ്രയോഗ സാധ്യതയുള്ളതുമാണ്.

#### ലക്ഷ്യം

ബഹുമുഖ ബുദ്ധിസിദ്ധാന്തത്തിന്റെ ക്ലാസ്സ്റൂം സാധ്യതകൾ വിലയിരുത്തുക.

ഇന്റേൺഷിപ്പ് സമയത്ത് അവരവരുടെ ക്ലാസ്സുകളിൽ ബഹുമുഖബുദ്ധിഘടകങ്ങളുടെ സാധ്യത എത്രത്തോളം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്ന് അധ്യാപക വിദ്യാർഥികൾ സ്വയംവിലയിരുത്തുന്ന ഒരു പ്രക്രിയയാണ് ഇത്. ഇതിനായി 4 ക്ലാസ്സുകൾ അവർ സ്വയം വിലയിരുത്തലിനു വിധേയമാക്കണം (മലയാളം ഇംഗ്ലീഷ് ഭാഷകളിൽ നിന്ന് ഒന്ന്, ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നിവയിൽ നിന്ന് ഒന്ന്, കലാ-കായിക-പ്രവൃത്തിപരിചയ വിഷയങ്ങളിൽ നിന്ന് ഒന്ന്, ഗണിതം ഒന്ന് എന്നിങ്ങനെ ആകെ 4 ക്ലാസ്സുകൾ). വിലയിരുത്തലിനു വേണ്ടി താഴെ കൊടുത്ത ഫോർമാറ്റ് ഉപയോഗപ്പെടുത്താം.

**സ്കൂളിന്റെ പേര്:** **അധ്യാപകവിദ്യാർഥിയുടെ പേര് :**

| വിലയിരുത്തുന്ന ക്ലാസ്സിന്റെ ക്രമനമ്പർ | | പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ | പ്രതിഫലനങ്ങൾ/ തിരിച്ചറിവുകൾ |
|---|---|---|---|
| തീയതി | | | |
| ക്ലാസ്സ് | | | |
| വിഷയം | | | |
| ഉപയോഗപ്പെടുത്തുന്ന ബുദ്ധി ഘടകങ്ങൾ | | | |
| പ്രവർത്തനത്തിന്റെ പേര് | | | |
| പ്രവർത്തനത്തിന്റെ സ്വഭാവം | | | |

ഈ പ്രവർത്തനം സുഗമവും ഫലപ്രദവുമാക്കുന്നതിന് താഴെപറയുന്ന ഘട്ടങ്ങൾ പാലിക്കുന്നത് നന്നായിരിക്കും.

**ഘട്ടം 1**

മുകളിൽ കൊടുത്ത വിവരശേഖരണ സാമഗ്രി (പട്ടിക) 4 കോപ്പിവീതം (4 വിഷയങ്ങൾക്ക്) ഇന്റേൺഷിപ്പിനു മുമ്പുതന്നെ എല്ലാ അധ്യാപക വിദ്യാർഥികൾക്കും ലഭ്യമാക്കുക.

**ഘട്ടം 2**

ഇന്റേൺഷിപ്പിനുവേണ്ടി പാഠാസൂത്രണം (TM) തയ്യാറാക്കുമ്പോൾ എല്ലാവിഷയങ്ങളിലും MI (Multiple Intelligentce) സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക. മികച്ച MI സാധ്യതയുള്ള പാഠാസൂത്രണങ്ങൾ (ഓരോ വിഷയത്തിലും) തിരഞ്ഞെടുത്ത് സഹപാഠികളുമായി ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക.

**ഘട്ടം 3**

ഈ TM കൾ ഉപയോഗിച്ച് എടുക്കുന്ന ക്ലാസ്സുകൾ ഓരോന്നും സ്വയം വിലയിരുത്തുക (ഫോർമാറ്റ് ഉപയോഗിച്ച്) ഒരാഴ്ചയിൽ ഒരു വിഷയത്തിന്റെ ക്ലാസ്സ് എന്ന രീതിയിൽ ഇന്റേൺഷിപ്പ് തീരുമ്പോഴേക്കും 4 വിഷയങ്ങളിലുമുള്ള ക്ലാസ്സുകളുടെ വിലയിരുത്തൽ പട്ടിക തയ്യാറാക്കുക.

**ഘട്ടം 4**

ഓരോ ആഴ്ചയുടെ അവസാനവും ITE യിൽ നടക്കുന്ന അവലോകനത്തിൽ ആ ആഴ്ചയിലെ വിലയിരുത്തൽ പട്ടികകളും അതിന്റെ പ്രക്രിയയും ടീച്ചർ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. മികവുകളും പരിമിതികളും നിർദേശങ്ങളും ചർച്ചയിൽ ഉയർന്നു വരണം. ഈ ചർച്ച, തുടർന്നു വരുന്ന വിലയിരുത്തൽ ക്ലാസ്സുകൾ മെച്ചപ്പെടുത്താൻ അധ്യാപക വിദ്യാർഥികളെ സഹായിക്കും.

**ഘട്ടം 5**

ഇന്റേൺഷിപ്പ് അവസാനിച്ച് അധ്യാപകവിദ്യാർഥികൾ തിരിച്ചെത്തിയാൽ ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു പൊതുചർച്ച നടത്തുകയും നിഗമനങ്ങൾ പൊതുവായി ക്രോഡീകരിക്കുകയും വേണം.

**ഘട്ടം 6**

ഈ പ്രവർത്തനത്തിന്റെ റിപ്പോർട്ട് ഓരോ അധ്യാപക വിദ്യാർഥിയും തയ്യാറാക്കണം. ഈ റിപ്പോർട്ടിൽ സ്വയം നടത്തിയ വിലയിരുത്തൽ പ്രക്രിയ, ആഴ്ചതോറും നടന്ന അവലോകനത്തിലെ ചർച്ചയും മെച്ചപ്പെടലും, വ്യക്തിഗതമായി എത്തിച്ചേർന്ന നിഗമനങ്ങൾ എന്നിവയ്ക്കു പുറമെ അവസാനത്തെ ക്രോഡീകരണ ചർച്ചയുടെ നിഗമനങ്ങളും സമഗ്രമായി ഉൾപ്പെടുത്തണം.